9.30 A.M.] **II അടിയന്തര പ്രമേയനോട്ടീസ്**

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ പറയേണ്ട. ഞാൻ പറയാം. പനിമൂലമുള്ള മരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രനും മറ്റ് അംഗങ്ങളും അടിയന്തിര പ്രമേയം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. ആ ഗൗരവം കണക്കിലെടുത്തുകൊണ്ടുതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഞാൻ ആദ്യത്തെ ദിവസം സബ്മിഷൻ കൊടുത്തു. അതിനുശേഷം ശ്രീ. എം. വി. ജയരാജന് അടിയന്തിര പ്രമേയം കൊടുത്തു. ആ അടിയന്തിര പ്രമേയത്തിന് നോർമൽ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ട് മുഖ്യമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും പ്രതിപക്ഷ നേതാവുമൊക്കെ സംസാരിച്ചു. പല ചോദ്യങ്ങൾക്കും ഉത്തരം പറഞ്ഞു. പല മെമ്പർമാർക്കും സബ്മിഷൻ കൊടുത്തു. ഇത് വളരെ ഗൗരവത്തോടുകൂടി കണ്ടിട്ടുണ്ട്. പക്ഷേ ചട്ടം 52(4) അനുസരിച്ച് ഒരു വിഷയം, അടിയന്തിര പ്രമേയം ഉന്നയിക്കാൻ പോലും അനുവദിക്കുന്നത് ഒരു പ്രാവശ്യമേ ആകാവൂ. മാൻഡേറ്ററിയായിട്ട് 'shall' എന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇത് ഉന്നയിക്കാൻ നിർവ്വാഹമില്ല. ബഹുമാനപ്പെട്ട മന്ത്രി എല്ലായിടത്തും മരുന്നുകൾ അയയ്ക്കണം. കാശ് മാത്രം കൊടുത്താൽ പോരാ. എല്ലാ സ്ഥലത്തും മരുന്ന് ഉണ്ടാകണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, മരണത്തിന്റെ ഫിഗർ കൂടി പറഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : ഇത് വളരെ ഗൗരവമുള്ളകാര്യം തന്നെയാണ്. ഗൗരവം ഒട്ടും കുറച്ചുകാണുന്നില്ല. കാശ് മാത്രം കൊടുത്താൽ പോരാ. എല്ലാ സ്ഥലത്തും മരുന്ന് എത്തിക്കണമെന്ന് മന്ത്രിക്ക് നിർദ്ദേശം കൊടുത്തത് അതുകൊണ്ടാണ്. പ്രാധാന്യം കുറച്ചു കണ്ടതുകൊണ്ടല്ല.

III ശ്രദ്ധക്ഷണിക്കൽ

(1) മെഡിക്കൽ കോളേജ് ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം സ്വകാര്യവത്കരിക്കൽ

ശ്രീ. മത്തായി ചാക്കോ: സർ, ആരോഗ്യ മേഖലയെ സംബന്ധിച്ചാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അങ്ങ് ഇപ്പോൾ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളൊക്കെ ഇതിൽ വരുന്നതാണ്. കേരളത്തിലെ ആരോഗ്യമേഖല ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ള മേഖലയാണ്. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ആരോഗ്യ പരിരക്ഷയിലും ചികിത്സാസംവിധാനത്തിലും വളരെ മികവുറ്റ ഒരു സംസ്ഥാനമായി കേരളം അറിയപ്പെടുന്നുണ്ട്. നമ്മുടെ ജനങ്ങളുടെ ആയുർദൈർഘ്യം വളരെ ഉയർന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly